**A** | **404**

# സമഗ്ര ശിക്ഷാ കേരളം
# അർധവാർഷിക മൂല്യനിർണയം 2022-23
## പരിസരപഠനം

ക്ലാസ്സ് 4 | സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ____________________

വിദ്യാലയത്തിന്റെ പേര് ____________________

____________________

ഡിവിഷൻ ____________________

രക്ഷിതാവിന്റെ ഒപ്പ് ____________________

അധ്യാപകന്റെ ഒപ്പ് ____________________

| ക്രമ നം | പ്രവർത്തനം | ഗ്രേഡ് |
|---|---|---|
| 1 | താളം... മേളം... | |
| 2 | ചന്ദ്രനെ കാണാം | |
| 3 | വസ്തുക്കൾ പലതരം | |
| 4 | വായു സവിശേഷതകൾ | |
| 5 | കൃത്രിമ ഉപഗ്രഹങ്ങൾ | |
| 6 | കേരളനാട് | |
| | ഓവറോൾ ഗ്രേഡ് | |

1 ആദ്യത്തെ 15 മിനിട്ട് പ്രവർത്തനങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2 ആറ് പ്രവർത്തനങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3 തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

### പ്രവർത്തനം 1 - താളം ... മേളം...

മീരയുടെ ഡയറിയിൽ നിന്ന്

2022 മാർച്ച് 6
ഞായർ

ഞങ്ങളുടെ അമ്പലത്തിൽ ഇന്നാണ് ഉത്സവം. ഉത്സവക്കാഴ്ചകൾ കണ്ട് മനം നിറഞ്ഞു. കലാപരിപാടിയോ അതികേമം! ഓട്ടൻതുള്ളൽ ആദ്യമായാണ് കാണുന്നത്. നിറപ്പകിട്ടാർന്ന വേഷവിധാനങ്ങളും പാട്ടും വാദ്യങ്ങളും. വളരെ രസകരം തന്നെ! സമൂഹത്തിലെ പല തിന്മകളെയും നർമരസം കലർത്തി വിമർശിക്കുന്നത് കേൾക്കാൻ ബഹുരസം. മേളക്കൊഴുപ്പിനായി ഇടയ്ക്കയും തൊപ്പിമദ്ദളവും* ഉപയോഗിച്ചിട്ടുണ്ട്. ഓട്ടൻതുള്ളലിനെയും മറ്റ് കലാരൂപങ്ങളെയും കുറിച്ച് കൂടുതൽ കാര്യങ്ങൾ നാളെ ടീച്ചറോട് ചോദിക്കണം...

* **തൊപ്പിമദ്ദളം:** ശുദ്ധമദ്ദളത്തിന്റെ അൽപ്പം ചെറിയ രൂപമാണ് തൊപ്പിമദ്ദളം. അടുത്തകാലം വരെ തൊപ്പിമദ്ദളമായിരുന്നു തുള്ളൽക്കലയിലെ പ്രധാന പക്കവാദ്യം.

എ) മീരയുടെ ഡയറിക്കുറിപ്പ് വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഏത് കലാരൂപമാണെന്ന് എഴുതൂ.










ബി) മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.


**പ്രവർത്തനം 2 -ചന്ദ്രനെ കാണാം**

എ) ഭൂമിയിൽ നിന്നും നോക്കിയാൽ ചന്ദ്രന്റെ പ്രകാശിതഭാഗം പൂർണമായും കാണുന്ന ദിവസമുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ.
ആ ദിവസം ഏത് പേരിലാണ് അറിയപ്പെടുന്നത്?

ബി) ചന്ദ്രന്റെ പ്രകാശിതഭാഗം പൂർണമായും കാണുന്ന ദിവസം ചന്ദ്രനും ഭൂമിയും സൂര്യനും നേർരേഖയിലായിരിക്കും. ഇത്തരം ദിവസങ്ങളിൽ ചന്ദ്രൻ, ഭൂമി, സൂര്യൻ എന്നിവ ഏത് ക്രമത്തിലായിരിക്കും വരിക? താഴെയുള്ള ചിത്രത്തിൽ അവയുടെ പേരുകൾ എഴുതിച്ചേർക്കൂ.



സി)






**അമ്മുക്കുട്ടി പറഞ്ഞതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?**
**ചില ദിവസങ്ങളിൽ ചന്ദ്രനെ തീരെ കാണാത്തത് അത് മാഞ്ഞുപോകുന്നത് കൊണ്ടാണോ?**
**അമ്മുക്കുട്ടിയുടെ സംശയത്തിന് മറുപടി എഴുതൂ.**

പ്രവർത്തനം 3 - വസ്തുക്കൾ പലതരം

ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി അനു കണ്ടെത്തിയ വസ്തുക്കളുടെ പേരുകളാണ് ചുവടെ നൽകിയിട്ടുള്ളത്.


ഇവയെല്ലാം ഒരേ അവസ്ഥയിൽ പെട്ടതാണോ?

എ) അവസ്ഥയുടെ അടിസ്ഥാനത്തിൽ ഇവയെ തരം തിരിക്കൂ.

തേൻ ഹൈഡ്രജൻ മണ്ണെണ്ണ
വായു തടിക്കഷണം ജലം
ഇഷ്ടിക സോപ്പ്കട്ട നീരാവി

| | | |
|---|---|---|
| | | |

ബി) ചിത്രം ശ്രദ്ധിക്കൂ.



ജലത്തിന്റെ ഏത് സവിശേഷതയാണ് ഈ പ്രവർത്തനത്തിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് ? എഴുതൂ .


സി) അനു അടുക്കളയിൽ വെള്ളം തിളപ്പിക്കുകയാണ്. വെള്ളത്തിൽ നിന്നും നീരാവി ഉയരുന്നതു കണ്ടു. അവൾ ഒരു പരന്ന പാത്രമെടുത്ത് അത് അടച്ചുവച്ചു. കുറച്ചു സമയം കഴിഞ്ഞ് പാത്രം എടുത്തു മാറ്റി. അവൾക്ക് ഒരു സംശയം തോന്നി.




അനുവിന്റെ ചോദ്യത്തിന് എന്തായിരിക്കും നിങ്ങളുടെ മറുപടി?

**പ്രവർത്തനം 4 - വായു വിശേഷങ്ങൾ**


റേഷൻ കടയിൽ നിന്നും കൊണ്ടുവന്ന മണ്ണെണ്ണ കുപ്പിയിലേക്ക് ഒഴിക്കുവാൻ അപ്പു തീരുമാനിച്ചു. രണ്ട് ചിത്രവും ശ്രദ്ധിക്കൂ.



ചിത്രം (1) ചിത്രം (2)

എ) ഇതിൽ ഏതു രീതിയിൽ ഫണൽ വെയ്ക്കുന്നതാണ് എളുപ്പത്തിൽ മണ്ണെണ്ണ നിറയുന്നതിന് സഹായകരമാകുന്നത്? കാരണമെന്തായിരിക്കാം? വിശദമാക്കുക.


ബി) പദസൂര്യൻ പൂർത്തീകരിക്കുക.



## പ്രവർത്തനം 5 - കൃത്രിമ ഉപഗ്രഹങ്ങൾ

സ്കൂൾ ശാസ്ത്രമേളയിൽ പങ്കെടുക്കുവാനായി മാളു തയാറാക്കിയ പോസ്റ്റർ വായിച്ചു നോക്കൂ.

### ഇന്ത്യയുടെ കൃത്രിമ ഉപഗ്രഹങ്ങൾ



മനുഷ്യൻ വിവിധ ആവശ്യങ്ങൾക്കായി നിർമിച്ച് ബഹിരാകാശത്തേക്കയക്കുന്ന ഉപഗ്രഹങ്ങളാണ് കൃത്രിമ ഉപഗ്രഹങ്ങൾ. റോക്കറ്റുകളുടെ സഹായത്തോടെയാണ് ഇവ ബഹിരാകാശത്തേക്കയയ്ക്കുന്നത്. നമ്മുടെ രാജ്യമായ ഇന്ത്യയും ഇത്തരത്തിലുള്ള കൃത്രിമോപഗ്രഹങ്ങൾ ബഹിരാകാശത്തെത്തിച്ചിട്ടുണ്ട്. ആപ്പിൾ, ജിസാറ്റ്, എജ്യുസാറ്റ് എന്നിവ അവയിൽ ചിലതാണ്. കൃത്രിമ ഉപഗ്രഹങ്ങൾ കൊണ്ട് നമുക്ക് പല പ്രയോജനങ്ങളുമുണ്ട്.

എ) കൃത്രിമ ഉപഗ്രഹങ്ങൾ കൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് നമുക്കുള്ളത്? അവ എന്തൊക്കെയാണെന്ന് എഴുതൂ.


- വാർത്താവിനിമയം
- ........................................................
- ........................................................

ബി) പട്ടിക പൂർത്തിയാക്കു

| | | |
|---|---|---|
| കൃത്രിമ ഉപഗ്രഹങ്ങൾ | ............................. | ഇന്ത്യയുടെ ആദ്യ ഉപഗ്രഹം |
| | എജ്യുസാറ്റ് | ............................. |
| | ............................. | വാർത്താവിനിമയത്തിന് സഹായിക്കുന്ന ഉപഗ്രഹം |

**പ്രവർത്തനം 6 - കേരളനാട്**

എ) താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രധാന സ്ഥലങ്ങൾ കേരളത്തിന്റെ ഭൂപടത്തിൽ ഏതെല്ലാം ജില്ലകളിലാണ് സ്ഥിതിചെയ്യുന്നത് എന്ന് ചിഹ്നങ്ങൾ വരച്ച് രേഖപ്പെടുത്തുക?




1 തേക്കടി

2 കൊച്ചി തുറമുഖം

3 കുമരകം പക്ഷിസങ്കേതം

4 തലസ്ഥാനം

ബി) ദിക്ക് അറിയുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏത്?